# 7

# അവന്റെ ശരീരത്തിൽ സമാധാനം സാധ്യമാക്കി

## (2:14- 22)

യെഹൂദന്മാർക്കും ജാതികൾക്കും തമ്മിലുണ്ടായിരുന്ന വലിയ വ്യത്യാസം ചൂണ്ടിക്കാണിച്ച ശേഷം, രണ്ടുകൂട്ടർക്കും ലഭ്യമായ സമാധാന ബന്ധത്തെ പൗലൊസ് പറയുന്നു. അത് എങ്ങനെ സാധ്യമാകുന്നു? പൗലൊസ് പറഞ്ഞു, "അവൻ തന്നെയാണ് നമ്മുടെ സമാധാനം" (2:14). ഇവിടെ, പരിചയപ്പെടുത്തുന്ന ഒരു വിഷയമാണ് 2:18 മുതൽ തുടരുന്നത്-സമാധാന വിഷയം. ആദ്യം യെഹൂദന്മാരും ജാതികളും തമ്മിലുള്ള സമാധാനത്തെയാണ് അപ്പൊസ്തലൻ പറയുന്നത് (2:14, 15); പിന്നെ മനുഷ്യരും ദൈവവുമായുള്ള സമാധാനത്തെ കുറിച്ച് പറയുന്നു (2:16–18).

### ഏകശരീരത്തിൽ
### എല്ലാവർക്കും സമാധാനം (2:14, 15)

**14അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കൽപനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത്, 15സമാധാനം ഉണ്ടാക്കിക്കൊണ്ടാണ്, ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും അത്രെ.**

**വാക്യം 14.** യെശയ്യാവ് 9:6-ൽ വരുവാനുള്ള മശിഹയെ പറഞ്ഞിരിക്കുന്നത് "സമാധാന പ്രഭു" എന്നാണ്. യേശു ജനിച്ചപ്പോൾ ദൂതന്മാർ പാടി, "ഭൂമിയിൽ മനുഷ്യർക്ക് സമാധാനം" (ലൂക്കൊ. 2:14). എങ്ങനെയായാലും, എഫെസ്യർ 2-ൽ പൗലൊസ് ക്രിസ്തുവിലാകുന്നവർ, മനുഷ്യർ തമ്മിലും ദൈവവും മനുഷ്യരും തമ്മിലും സമാധാനമുള്ളവരാകുമ്പോൾ യേശു നമ്മുടെ സമാധാനമാകുന്നു. ഈ വേദഭാഗത്തിന്റെ ഉദ്ദേശം ഊന്നി പറഞ്ഞിരിക്കുന്നു; "അവൻ തന്നെയാണ്, മറ്റാരുമല്ല ..."[1] അവൻ മുഖാന്തരം എന്നു മാത്രമല്ല "അവൻ മാത്രമാണ്" കൂടാതെ, "അവൻ *തന്റെ സ്വന്ത വ്യക്തിത്വത്തിൽ.*"[2] അതിനു പുറമെ, "സമാധാനം" എന്നത് ഗ്രീക്കിൽ ആർട്ടിക്കിളോടുകൂടി ഉപയോഗിച്ചിരിക്കുന്നത്, ഇങ്ങനെ വായിക്കാം, "മറ്റാരുമല്ല, അവൻ തന്നെയാണ്, നമ്മുടെ സമാധാനം." അവനാണ് നമ്മുടെ സമാധാനം; അവൻ മുഖാന്തരമാണ് നമുക്ക് സമാധാനം ലഭിക്കുന്നത്, അവനെ കൂടാതെ നമുക്ക് സമാധാനം ഇല്ല.

വാക്യം 14 ലെ "സമാധാനം" *എയിരെനെ* "ഒരിക്കൽ വേർപെട്ടിരുന്നവരെ യോജിപ്പിക്കുന്നതാണ്."[3] സന്ദർഭം നോക്കിയാൽ, വേർപെട്ടിരുന്നവർ യെഹൂദന്മാരും ജാതികളും ആയിരുന്നു. മാനുഷ കാഴ്ച്ചപ്പാടിൽ യെഹൂദന്മാരും ജാതികളും ഒന്നാം നൂറ്റാണ്ടിൽ നിരാശാജനകമായി അകന്നിരുന്നു.

അശുദ്ധരായ വന്യ നായ്ക്കളെ പോലെയായിരുന്നു യെഹൂദന്മാർ ജാതികളെ കണ്ടിരുന്നത് (മത്താ. 15:27 നോക്കുക). അവർ ഒരിക്കലും ജാതിയിൽ പെട്ട യാളുടെ വീട്ടിൽ പ്രവേശിക്കയില്ല (പ്രവൃ. 10:28). ജാതികൾ അവരെ വേർപാടുകാരും, അഹങ്കാരികളും, വർഗീയരുമായിട്ടാണ് കണ്ടിരുന്നത്.

എങ്ങനെയായാലും, ക്രിസ്തു **ഇരുപക്ഷത്തെയും ഒന്നാക്കി**. "നമ്മുടെ സമാധാനം" ആയ ക്രിസ്തു ക്രൂശ് മുഖാന്തരം രണ്ടു പക്ഷത്തെയും ഒന്നാക്കിയത് വലിയ വിപ്ലവം തന്നെയായിരുന്നു. ക്രൂശിന്റെ ഒരു തടി ഇരുവശങ്ങളിലേക്കും നീളുകയും, യേശുവിന്റെ രണ്ടു കൈകളും രണ്ടു വശത്തേക്ക് നീട്ടി ആണിയടിക്കുകയും ചെയ്തത് യെഹൂദന്മാരെയും ജാതികളെയും ഒന്നാക്കി.

ഇരുപക്ഷത്തെയും തമ്മിൽ **വേർതിരിച്ചിരുന്ന നടുച്ചുവർ ഇടിച്ചുകളഞ്ഞു കൊണ്ടാണ് അവന്റെ ശരീരത്തിൽ ഒന്നാക്കി തീർത്തത്**. യെഹൂദന്മാർക്കും ജാതികൾക്കും ഇടയിലുണ്ടായിരുന്ന "നടുച്ചുവർ" (*ഫ്രാഗ്മോസ്*) ദൈവം യിസ്രായേലിനു കൊടുത്ത ന്യായപ്രമാണം ആയിരുന്നു (2:15 നോക്കുക). ദൈവം നിയമം ചെയ്ത ആളുകളായ യെഹൂദന്മാരെ മറ്റുള്ളവരിൽനിന്നും മാറ്റി നിർത്തിയത് ന്യായപ്രമാണം ആയിരുന്നു. ന്യായപ്രമാണപ്രകാരം വേറെയും ചുമരുകൾ ഉണ്ടായിരുന്നു. യെഹൂദന്മാർക്കും ജാതികൾക്കും തമ്മിലുള്ള വേർപാടിന്റെ മറ്റൊന്ന്, യെരുശലേം ദൈവാലയമായിരുന്നു. ദൈവാലയത്തിന് പുറമെയുണ്ടായിരുന്ന പ്രാകാരത്തെ ജാതികളുടെ പ്രാകാരം എന്നാണ് വിളിച്ചിരുന്നത്, അവിടെ ആർക്കും പ്രവേശിക്കാമായിരുന്നു. ജാതികളുടെ പ്രാകാരത്തിനകത്ത് മറ്റൊരു പ്രാകാരമുണ്ടായിരുന്നതാണ് സ്ത്രീകളുടെ പ്രാകാരം. സ്ത്രീകളുടെ പ്രാകാരത്തിനകത്തെ പ്രാകാരമായിരുന്ന യിസ്രായേലിന്റെ പ്രാകാരത്തിൽ യെഹൂദന്മാർക്ക് മാത്രമെ പ്രവേശനം ഉണ്ടായിരുന്നുള്ളു. ദൈവാലയം ഉണ്ടായിരുന്നപ്പോൾ, അവിടെ പ്രവേശിക്കുവാൻ പുരോഹിതന്മാരെ മാത്രമെ അനുവദിച്ചിരുന്നുള്ളു.[4] ജാതികളുടെ പ്രാകാരത്തെയും സ്ത്രീകളുടെ പ്രാകാരത്തെയും വേർതിരിച്ചിരുന്ന മതിലിൽ പരദേശികളായ ആരെങ്കിലും വിശുദ്ധ സ്ഥലത്ത് പ്രവേശിച്ചാൽ ഇപ്രകാരം ഒരു മേലെഴുത്തു കാണാമായിരുന്നു, "മരണശിക്ഷക്ക് വിധേയനാകും."[5]

ജാതികളെ ദൈവസന്നിധിയിൽനിന്നും ആലങ്കാരികമായി അകറ്റി നിർത്തിയതായിരുന്നു ദൈവാലയം. ആ നടുച്ചുവരിനെ കുറിച്ച് പൗലൊസിനു നന്നായി അറിയാമായിരുന്നു. നടുച്ചുവർ കടന്ന് ദൈവാലയത്തിനകത്തേക്ക് ജാതിയിൽപെട്ട എഫെസ്യനായിരുന്ന ത്രോഫിമോസിനെ പ്രവേശിപ്പിച്ചു എന്ന ദുരാരോപണം പൗലൊസിൽ ചുമത്തിയിരുന്നു (പ്രവൃ. 21:28, 29).

**വാക്യം 15**. യെഹൂദന്മാർക്കും ജാതികൾക്കും തമ്മിലുണ്ടായിരുന്ന ആ ശത്രുത്വം എന്ന **ന്യായപ്രമാണ ചട്ടങ്ങളും വിധികളും ക്രിസ്തു തന്റെ ജഡത്താൽ നിക്കി ഇരുപക്ഷത്തെയും ഒന്നാക്കി. ദൂരസ്ഥരായിരുന്നവരെ സമീപസ്ഥരാക്കിയത് ക്രിസ്തുവിന്റെ രക്തമാണെന്ന്** വാക്യം 13 പറയുന്നു. യെഹൂദന്മാരെയും ജാതികളെയും തമ്മിൽ വേർതിരിച്ചിരുന്ന നടുച്ചുവർ ഇടിച്ചുകളഞ്ഞ് ഇരുപക്ഷെത്തെയും ഒന്നാക്കി എന്ന് വാക്യം 14 പറയുന്നു. ആ സന്ദർഭത്തിൽ, "ജഡത്തിൽ നീക്കി" എന്നു പറയുന്നത് ക്രൂശ് മരണമാണ്. അവൻ ക്രൂശിൽ മരിച്ചപ്പോൾ, യെഹൂദനും ജാതിക്കും ഇടയിൽ ശത്രുത്വമായിരുന്ന ന്യായപ്രമാണത്തെ നീക്കി. അടിസ്ഥാനപരമായ ഭിന്നത നീക്കം ചെയ്തതിനാലാണ് ഇത് സാധ്യമാക്കിയത്-അതായത് ന്യായപ്രമാണം. "നീക്കുക," (*കാറ്റാർജെയോ*) അർത്ഥം "ഉപയോഗമില്ലാതാക്കുക,"[6] അല്ലെങ്കിൽ "അവസാനിപ്പിക്കുക."[7]

ന്യായപ്രമാണത്തിന്റെ ഒരു ഭാഗമായ ആഘോഷങ്ങൾ മാത്രമെ യേശു നീക്കിയിട്ടുള്ളു അല്ലെങ്കിൽ ന്യായപ്രമാണം നിയമമായി ഉപയോഗിക്കുന്നതിനുമാത്രമെ അവസാനം വരുത്തിയിട്ടുള്ളു എന്ന് ഒരാൾ കരുതിയാൽ അയാൾ തെറ്റിപ്പോയിരിക്കുന്നു. പൗലൊസ് പറഞ്ഞു, "ക്രിസ്തു ചട്ടങ്ങളും കൽപനകളുമായ ന്യായപ്രമാണം നീക്കിക്കളഞ്ഞു." "കൽപന" (*എൻടൊലെ*) "കൽപിക്കുന്ന ആളുടെ അധികാരത്തിന് ഊന്നൽ കൊടുത്തിരിക്കുന്നു"-ഈ സംഭവത്തിൽ അത് ദൈവം തന്നെയാണ്. "ചട്ടങ്ങൾ" എന്നു പറയുന്നത് ന്യായപ്രമാണത്തിലെ "ഉപദേശ പ്രസ്താവനകൾ" (*ഡോഗ്മാ*) ആണ്. ക്രിസ്തു ക്രൂശിൽ മരിച്ചതോടുകൂടെ ഉപദേശ പ്രസ്താവനകളടക്കമുള്ള ന്യായപ്രമാണം മുഴുവനും നീങ്ങപ്പെട്ടു എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. അങ്ങനെ സംഭവിച്ചില്ലായിരുന്നുവെങ്കിൽ, ന്യായപ്രമാണ ചട്ടങ്ങളിലെ യെഹൂദന്മാരും ജാതികളും തമ്മിലുള്ള ശത്രുത്വം അവസാനിക്കുമായിരുന്നില്ല.

ന്യായപ്രമാണത്തിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് ഇരുപക്ഷത്തെയും ഒന്നാക്കി നിരപ്പിക്കുവാനായിരുന്നു ക്രിസ്തു മരിച്ചത്, അങ്ങനെ **അവനിൽ ഇരുപക്ഷത്തെയും തന്നിൽ പുതുമനുഷ്യനാക്കി സമാധാനം ഉണ്ടാക്കേണ്ടതിനായിരുന്നു**. അവൻ "ഇരുപക്ഷത്തെയും തന്നിൽ പുതുമനുഷ്യനായി സൃഷ്ടിച്ചു" സമാധാനവും സ്ഥാപിച്ചു. "സൃഷ്ടിക്കുക" എന്നതിന് *പോയിയെയോ* അല്ല ഉപയോഗിച്ചിരിക്കുന്നത്, മറിച്ച്, "ഉണ്ടാക്കുക," *ക്റ്റിസോ*, അർത്ഥം, "സൃഷ്ടിക്കുക."[8] യെഹൂദന്മാരെയും ജാതികളെയും യോജിപ്പിക്കുന്നതിന് ഏറ്റവും നല്ലതു എടുത്തു നൽകുകയായിരുന്നില്ല, മറിച്ച്, ക്രിസ്തു യെഹൂദനെയും ജാതിയേയും മുഴുവനായും പുതുതാക്കുകയായിരുന്നു-"പുതിയ മനുഷ്യനാക്കി." ആ പുതിയ മനുഷ്യ സൃഷ്ടിത്വം നടത്തിയത് "അവനിൽ" ആയിരുന്നു. 2 കൊരിന്ത്യർ 5:17-ൽ, പൗലൊസ് പറഞ്ഞു, "ഒരുത്തൻ ക്രിസ്തുവിലായാൽ, അവൻ പുതിയ സൃഷ്ടിയാകുന്നു." ഒരാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, ആ വ്യക്തിയെ ക്രിസ്തുവിന്റെ ശരീരമായ, സഭയോട് ചേർക്കുന്നു (റോമർ 6:3; 1 കൊ.12:13). ഒരാൾ ക്രിസ്തുവിൽ പുതിയ സൃഷ്ടിയാകുകയാണെങ്കിൽ, ക്രിസ്തുവിലുള്ള പലരും പുതിയ സൃഷ്ടികളാണ്, "പുതിയ മനുഷ്യൻ," ക്രിസ്തുവിന്റെ ശരീരമാണ്.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലുള്ളവർ, ഇപ്പോഴും സ്ത്രീപുരുഷന്മാരായും, ധനികരും ദരിദ്രരും, യജമാനന്മാരും ദാസന്മാരും (6:5-9), യെഹൂദന്മാരും ജാതികളും ആയിട്ടാണ് ഇരിക്കുന്നത്. എങ്ങനെയായാലും, ക്രിസ്തുവിലുള്ള എല്ലാവരും-അവർ ക്രിസ്തുവിലാകുന്നതിനു മുൻപ് ആരായിരുന്നാലും അല്ലെങ്കിൽ എന്തായിരുന്നാലും-അവർക്ക് എല്ലാം ദൈവത്തോട് സമീപിക്കുവാനുള്ളത് ഒരേ വഴിയായിരുന്നു, പുതിയ മനുഷ്യനായി സൃഷ്ടിക്കപ്പെടുന്നതിൽ അവരെല്ലാം പങ്കാളികളായി തീർന്നു, അതായത് അവരെല്ലാം ശരീരമാകുന്ന സഭയുടെ ഭാഗമായി. വ്യത്യാസങ്ങളെ നീക്കുന്നത് ദൈവമാണ്, നാം ഓരോരുത്തരും എന്തായി തീരുന്നു എന്നതാണ് വ്യത്യാസങ്ങൾ മങ്ങി പോകുന്നതും പ്രാധാന്യമുള്ളവരാക്കുന്നതും. പൗലൊസ് ഗലാത്യരോട് പറഞ്ഞു,

> ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും

എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ (ഗലാ. 3:26-28).

സഭയിലെ ഓരോരുത്തരുടെയും പങ്കിനെയല്ല പൗലൊസ് സംസാരിച്ചത്, തുല്യമായി എല്ലാവർക്കും ദൈവത്തോട് സമീപിക്കാമെന്നാണ്. ജീവിതത്തിലെ അവസ്ഥകളെ കുറിച്ചായിരുന്നില്ല അവൻ ശ്രദ്ധിച്ചത്, എന്നാൽ ദൈവവുമായുള്ള ബന്ധത്തെയായിരുന്നു. വ്യക്തിപരമായി തിരിച്ചറിയിക്കുന്നതിനെ കുറിച്ചായിരുന്നില്ല ചോദ്യം, പിന്നെയോ ക്രിസ്തുവിലായിത്തീരുന്ന ആൾ-പുതിയ സൃഷ്ടിത്വത്തിന്റെ ഭാഗമാകുന്നു എന്നതായിരുന്നു.

എല്ലാ ആളുകളെയും ദൈവത്തോട് നിരപ്പിക്കുന്ന വലിയ ഒരു നേട്ടമായിരുന്നു ക്രൂശ് കൈവരിച്ചത്. എങ്ങനെയായാലും, മനുഷ്യന് മനുഷ്യനോട് യോജിക്കുവാനുള്ള സാധ്യത കൈവരിച്ചതായിരുന്നില്ല ക്രിസ്തു സാധ്യമാക്കിയ ഏറ്റവും വലിയ കാര്യം. ദൈവത്തിന്റെ അന്തിമലക്ഷ്യവും ഉദ്ദേശവും അറിയിച്ചതായിരുന്നു അത് (1:9, 10 നോക്കുക).

## ഏകശരീരത്തിൽ ദൈവത്തോട് സമാധാനം (2:16-22)

**[16]ക്രൂശിന്മേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷ
ത്തെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നെ. [17]അവൻ
വന്നു ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും സമീപത്തുള്ളവർക്ക് സമാ
ധാനവും സുവിശേഷിച്ചു. [18]അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും
ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്. [19]ആകയാൽ നിങ്ങൾ
ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും
ദൈവത്തിന്റെ ഭവനക്കാരുമത്രെ. [20]ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ
നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ
പണിതിരിക്കുന്നു. [21]അവനിൽ കെട്ടിടം മുഴുവൻ യുക്തമായി ചേർന്നു
കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. [22]അവനിൽ നിങ്ങളെയും ദൈവ
ത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു.**

**വാക്യം 16.** പാപികളെ ദൈവത്തോട് നിരപ്പിക്കുന്നത് ക്രിസ്തു ക്രൂശ് മുഖാന്തരമാണ് സാധ്യമാക്കിയത്. നമ്മിൽ അവന്റെ നീതി വരേണ്ടതിന് യേശു നമ്മുടെ പാപങ്ങളെ അന്റെ മേൽ വഹിച്ചു.

**ദൈവത്തോടുള്ള** നിരപ്പ് സംഭവിക്കുന്നത് ഏക ശരീരത്തിലാണ്. എഫെസ്യലേഖനത്തിലെ ശരീരം എന്നു പറയുന്നത് സഭയാണ് (1:22, 23 നോക്കുക), "പുതിയ മനുഷ്യൻ" (2:15). അതുകൊണ്ട്, ദൈവത്തോട് നിരപ്പിലാകുന്ന ഏതൊരാളും സഭയുടെ ഭാഗമാകുന്നു. ദൈവത്തോട് നിരന്നുകൊള്ളുക എന്നു പറഞ്ഞാൽ സഭയിലാകുക എന്നാണർത്ഥം. നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, ഏക ശരീരമായ സഭയോട് ചേരുവാനാണ് സ്നാനം ഏൽക്കുന്നത് (1 കൊ. 12:13). അപ്പോൾ, ക്രിസ്തുവിലാകുക എന്നാൽ സഭയിലാകുക എന്നാണ് അർത്ഥം. സുവിശേഷം അനുസരിക്കുന്നതിനു മുൻപ് ഒരാൾ, ക്രിസ്തുവിനും, സഭയ്ക്കും, ദൈവത്തോടുള്ള നിരപ്പിനും പുറത്താണ്.

ആ സ്ഥാനം ആരെയും ദൈവകൃപയിൽനിന്നോ ക്രിസ്തുവിന്റെ ക്രൂ

ശിൽനിന്നോ അകറ്റി നിർത്തുന്നില്ല. അല്ലെങ്കിൽ അത് സഭക്ക് അമിതമായ ഊന്നൽ കൊടുക്കുകയോ, അല്ലെങ്കിൽ മനുഷ്യന്റെ ഭാഗമായ രക്ഷയും. ദൈവകൃപയും ക്രിസ്തുവിന്റെ ക്രൂശും മനുഷ്യർ സ്വീകരിക്കുമ്പോൾ, അവർ അവയെ അഭിനന്ദിക്കുകയാണ്. ദൈവം തന്റെ രക്ഷ നമ്മിൽ അടിച്ചേൽപ്പിക്കുന്നില്ല. സഭയല്ല, ക്രിസ്തുവാണ് നമ്മുടെ രക്ഷകൻ; പക്ഷെ സഭ രക്ഷിക്കപ്പെട്ടവരാണ്. മനുഷ്യനു സ്വയമായി രക്ഷിക്കപ്പെടുവാൻ സാധ്യമല്ല, പക്ഷെ ക്രിസ്തുവിലുള്ള രക്ഷ സ്വീകരിപ്പാൻ കഴിയും. സ്വീകരിക്കുന്നതിൽ കൂടെ രക്ഷിപ്പാനും, സഭയോട് ചേർക്കുവാനും, "ഏക ശരീരത്തോട്" നിരപ്പിക്കുവാനും ദൈവത്തെ അനുവദിപ്പാൻ നമുക്ക് കഴിയും.

ക്രൂശിലെ ക്രിസ്തുവിന്റെ മരണത്താൽ മനുഷ്യനും മനുഷ്യനും **തമ്മിലുള്ള ശത്രുതയും** മനുഷ്യന് ദൈവത്തോടുള്ള വേർപാടും ഇല്ലാതാക്കി. വാക്യം 15 ലെ "ശത്രുത" യെഹൂദന്മാരെയും ജാതികളെയും തമ്മിൽ അകറ്റുന്നതായി പറഞ്ഞിരിക്കുന്നതിനാൽ, വാക്യം 16-ൽ പറയുന്ന അകൽച്ച മനുഷ്യനും മനുഷ്യനും തമ്മിലുള്ള "ശത്രുത" ആണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. എങ്ങനെയായാലും, ദൈവത്തിൽനിന്നകന്നവർക്കും മനുഷ്യർക്ക് പരസ്പരവും നിരപ്പ് കൊണ്ടു വന്നത് ക്രിസ്തുവിന്റെ രക്തം മുഖാന്തരമായിരുന്നു. "ശത്രുത" എന്നു പറയുമ്പോൾ, ക്രിസ്തുവിന്റെ മരണത്താൽ *സകല* ശത്രുതയും ഇല്ലാതാക്കി.

**വാക്യം 17.** ക്രിസ്തു ശത്രുത അവസാനിപ്പിച്ചുകൊണ്ടാണ് സമാധാനം സാധ്യമാക്കിയത്. ഈ വാക്യം (എൻഎഎസ്ബിയിൽ വലിയ അക്ഷരത്തിൽ കൊടുത്തിരിക്കുന്നത് പഴയനിയമ ഉദ്ധരണിയാണെന്ന് സൂചിപ്പിക്കുന്നു) യെശയ്യാവ് 57:19 ന്റെ ഒരു അയഞ്ഞ തർജിമയാണ്: "ദൂരസ്ഥന്നും സമീപസ്ഥന്നും സമാധാനം, സമാധാനം എന്നു പറയും." യെശയ്യാവിലെ വേദഭാഗത്തുനിന്നു നാം മനസിലാക്കുന്നത്, **ദൂരസ്ഥർ** എന്ന് പറഞ്ഞത് അന്ന് ദൂരദേശത്ത് പ്രവാസത്തിലായിരുന്നവരെ ഉദ്ദേശിച്ചും, **സമീപസ്ഥർ** എന്നു പറഞ്ഞിരിക്കുന്നത് മാതൃദേശത്തു തന്നെ ആയിരുന്നവരെ ഉദ്ദേശിച്ചുമായിരുന്നു എന്നാണ്. ദൈവം രണ്ടു കൂട്ടർക്കും **സമാധാനം കൊണ്ടു**വരുമെന്നതായിരുന്നു സന്ദേശം. എഫെസ്യലേഖനത്തിൽ, പൗലൊസ് യെശയ്യാവ് പറഞ്ഞത് യെഹൂദന്മാർക്കും ജാതികൾക്കും പ്രായോഗികമാക്കുകയായിരുന്നു. ക്രിസ്തു ക്രൂശിലെ മരണത്താൽ ഇരുപക്ഷക്കാർക്കും സമാധാനം പുനസ്ഥാപിച്ചുകൊടുത്തതു-ആ സമാധാനം അന്യോന്യവും ദൈവത്തോടും ആയിരുന്നു. ഇവിടെ പറയുന്ന സമാധാനം ദൈവത്തോടുള്ള നിരപ്പായിരിക്കണം, കാരണം സമാധാനം പ്രഖ്യാപിച്ചത് ഇരുപക്ഷക്കാർക്കുമായിരുന്നു.

**അവൻ വന്നു സമാധാനം സുവിശേഷിച്ചു** എന്നു പറയുന്നത് അവന്റെ ശുശ്രൂഷാ സമയത്തെ ഉപദേശമോ, അവന്റെ ഉയർപ്പിനുശേഷം അപ്പൊസ്തലന്മാർ മുഖേനയുള്ള ഉപദേശമോ, അല്ലെങ്കിൽ ക്രിസ്തുവിന്റെ എല്ലാ പ്രവൃത്തികളെയും ഉദ്ദേശിച്ചോ ആയിരുന്നില്ല, പിന്നെയോ നിരപ്പിക്കുന്നതിനുള്ള ക്രിസ്തുവിന്റെ മരണത്തെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്, അത് 2:14-18 പരിഗണിക്കുമ്പോൾ വ്യക്തമാകും.

**വാക്യം 18.** ഈ വാക്കുകൾ അപ്പൊസ്തലൻ ഉപസംഹരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു എന്നു കാണാം. ക്രിസ്തുവിന്റെ പ്രവൃത്തി **മൂലം** യെഹൂദന്മാർക്കും ജാതികൾക്കും ഒരുപോലെ ദൈവത്തോട് അടുക്കുവാൻ കഴിയുന്നു! പ്രവേശനം എന്നത് തർജിമ ചെയ്തിരിക്കുന്ന വാക്ക് *പ്രോസാഗോ*

*ഗെ* ആണ്, അർത്ഥം, "**കൊണ്ടുവരുന്ന പ്രവൃത്തി, ചലിപ്പിക്കുന്നത്.**"[9] **എന്നാൽ ക്രിയ നമുക്ക് ... എന്നത് തർജിമ ചെയ്തിരിക്കുന്നത് അകർമ്മകമായിട്ടാണ്, ആശയം "നാം കൊണ്ടുവന്നവരാണ്"[10] എന്നു പറയുന്നതിനു പകരം "നാം വന്നേക്കാം" എന്നാണ്. എഫെസ്യർ 3:12 ലും റോമർ 5:1, 2 ലും പൗലൊസ് ഇതേ ആശയം പറയുന്നുണ്ട്.** "പ്രവേശനം" എന്നു പറയുന്നത്, "രാജാവിനോടുകൂടെയുള്ള സദസ്യരുടെ അവകാശം"[11] എന്നാണ് സൂചിപ്പിക്കുന്നത്, ഈ സന്ദർഭത്തിൽ, രാജാവ് എന്നു പറഞ്ഞിരിക്കുന്നത് ദൈവമാണ്. ക്രിസ്തു മുഖാന്തരം മാത്രമാണ് (യോഹ. 14:6), എല്ലാവർക്കും ദൈവത്തിങ്കലേക്ക് പ്രവേശനം ഉള്ളത്.

**വാക്യം 19.** ദൈവത്തിങ്കലേക്കുള്ള വഴി തിരഞ്ഞവരോട് എഴുതിയതുകൊണ്ട് പറഞ്ഞു, "ഇനി നിങ്ങൾ അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരത്രെ." 2:19-22-ൽ, പൗലൊസ് 2:14-18 ചുരുക്കി പറയുകയും ചില തീർപ്പിലെത്തുകയും ചെയ്തിരിക്കുന്നു. ജാതികളെ **അന്യന്മാരും** (2:12 നോക്കുക), **പരദേശികളും,** നിലവാരമില്ലാത്തവരും, നിയമമോ, ആനുകൂല്യമോ ഇല്ലാത്തവരും, പ്രത്യാശയില്ലാത്തവരും, ദൈവമില്ലാത്തവരും, ദേശമില്ലാത്തവരും ആയിട്ടാണ് കണക്കാക്കിയിരുന്നത്. *പരോയികോസ്* എന്ന ഗ്രീക്ക് നാമം തർജിമ ചെയ്തതാണ് "പരദേശികൾ," അത് ഒരു സംയുക്തവാക്കാണ്, *പാരാ* ("*എലോങ്സൈഡ്*") എന്നും *ഓയികെയോ* ("ഒരാളുടെ വീട് ഉണ്ടാക്കുക") "എന്നുമാണ് അത്. അതുകൊണ്ട്, അത് ഒരാളുടെ വശത്തുള്ള വീടിനെയാണ് പറയുന്നത്. ഇവിടെ പറയുന്നത് മറ്റൊരു രാജ്യത്തുനിന്നു വരുന്ന ആളെ കുറിച്ചാണ്, അയാൾക്ക് ഇവിടെ പൗരത്വമില്ല എന്ന അർത്ഥമാണുള്ളത്."[12] ക്രിസ്തുവിന്റെ വരവിനു മുൻപ് യെഹൂദന്മാർക്ക് പ്രത്യേക നേട്ടങ്ങൾ ഉണ്ടായിരുന്നുവെങ്കിലും, അവരും, സുവിശേഷ വാഗ്ദാനങ്ങൾക്ക് അന്യരും, പാപം നിമിത്തം ദൈവത്തിന് അന്യരും ആയിരുന്നു.

യെഹൂദന്മാരും ജാതികളും ക്രിസ്തുവിൽ പ്രവേശിച്ചപ്പോൾ, അവർ ദൈവ നഗരത്തിലെ **സഹപൗരന്മാരായി** (*സംപൊലിറ്റസ്*). ജാതികളിൽനിന്ന് ക്രിസ്ത്യാനികളായിരുന്നവരെ ഊന്നി പറഞ്ഞ്, എഫെസ്യ ക്രിസ്ത്യാനികൾ ഇനി, **ഭവനമില്ലാത്തവരല്ല;** പൗരത്വമില്ലാത്തവരുമല്ല, കാരണം അവർ ഇനി ദൈവത്തിന്റെ ഭവനക്കാരായി തീർന്നു. മറ്റൊരു ഭാഗത്ത് പൗലൊസ് ഈ പോയിന്റ് ഊന്നി പറഞ്ഞിരിക്കുന്നു. ഫിലിപ്പിയരോട് അവൻ പറഞ്ഞു, "നമ്മുടെ പൗരത്വമോ സ്വർഗത്തിലത്രെ" (3:20), കൊരിന്ത്യരോട് അവൻ തറപ്പിച്ചു പറഞ്ഞു, "നാം ക്രിസ്തുവിന്റെ സ്ഥാനാപതികളത്രെ" (2 കൊ. 5:20). ഒരു സ്ഥാനാപതി ഒരു രാജ്യത്ത് പാർക്കുമ്പോൾ, അയാളുടെ പൗരത്വം മറ്റൊരു ദേശത്തായിരിക്കും. അയാൾ തന്റെ മാതൃദേശത്തിന്റെ അധികാരത്തോടെ മറ്റൊരു രാജ്യത്ത് താമസിച്ച് സംസാരിക്കുന്നു. നാം ക്രിസ്ത്യാനികളായി ഈ ലോകത്തിൽ വസിക്കുന്നുവെങ്കിലും, നമ്മുടെ പൗരത്വം സ്വർഗത്തിലാണ്; നാം ഭൂമിയിൽ താമസിച്ച് സ്വർഗത്തെ പ്രതിനിധാനം ചെയ്തു സ്വർഗത്തിനു **വേണ്ടി** സംസാരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും 'സഹപൗരന്മാരാണ്."

എഫെസ്യർ **വിശുദ്ധന്മാരോടുകൂടെ** സഹ പൗരന്മാരാണെന്ന് പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്? "വിശുദ്ധന്മാർ" എന്നതിൽ അടങ്ങിയിരിക്കുന്നത് ആരാണ്? ("ദൈവത്തിന്റെ ജനം"; എൻഐവി)? ഗ്രീക്ക് നാമം (*ഹാഗിയോയി*) തർജിമ ചെയ്തതാണ് "വിശുദ്ധന്മാർ" എന്ന വാക്ക്, അർത്ഥം, "വിശുദ്ധരായവർ" എന്നാണ് (യൂദാ 14-ൽ പറഞ്ഞതുപോലെ) ആരായിരുന്നു

ആ “വിശുദ്ധരായവർ”?

അവർ യെഹൂദ ക്രിസ്ത്യാനികളായിരുന്നോ? ചില ആളുകൾ അങ്ങനെ കരുതുകയും പൗലൊസ് യെഹൂദ ക്രിസ്ത്യാനികളെയാണ് “വിശുദ്ധന്മാർ” ആയി പറഞ്ഞിരിക്കുന്നത് എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എങ്ങനെ യായാലും, വ്യത്യാസങ്ങളെല്ലാം ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു; ക്രിസ്തുവി ലായ യെഹൂദന്മാരും ജാതികളും ഒരേപോലെ പൗലൊസ് 2:13-16-ൽ പറഞ്ഞ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകും.

അവർ ദൂതന്മാരായിരുന്നോ? വേറെ ചിലർ അങ്ങനെ വിശ്വസിക്കുകയും ആ വാദത്തിന് അവർ പഴയനിയമ ഭാഗങ്ങളായ ഇയ്യോബ് 15:15 ഉം സങ്കീർത്ത നങ്ങൾ 89:5 ഉം പുതിയനിയമ ഭാഗങ്ങളായ 1 തെസ്സലൊനിക്യർ 3:13 ഉം 2 തെസ്സലൊനീക്യർ 1:7, 10 ഉം ഉദ്ധരിച്ച് ദൂതന്മാരാണ് “വിശുദ്ധർ” അല്ലെങ്കിൽ “വിശുദ്ധരായവർ” (*ഹാഗിയോയി*) എന്നു പറയുന്നു. ആ വ്യാഖ്യാതാക്കൾ കൊലൊ. 1:12 എടുത്ത് “വിശുദ്ധന്മാർ” (*ഹാഗിയയോയി*) എന്നു പറഞ്ഞിരി ക്കുന്നത് ദൂതന്മാരെയായിരിക്കാമെന്നും പറയുന്നു. ചിലർ കൂറേക്കൂടെ കടന്നു നിരീക്ഷിക്കുന്നത്, ക്രിസ്ത്യാനിയുടെ “പൗരത്വം ... സ്വർഗത്തിലാണ് (ഫിലി. 3:20), അവൻ “മുകളിലുള്ള യെരൂശലേമിനുള്ളവനും” (ഗലാ. 4:26), വന്നി രിക്കുന്നത് “സീനായ് പർവ്വതത്തിനും, ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗീയ യെരുശലേമിന്നും അനേകായിരം ദുതന്മാരുടെ സംഘത്തിനും അടുക്കലത്രെ എന്നും പറയുന്നു” (എബ്രാ. 12:22).

എങ്ങനെയായാലും, അവിടെ നാം **ചോദിക്കേണ്ട ചോദ്യം, “എഫെസ്യ ലേഖനത്തി**ൽ മറ്റു ഭാഗങ്ങളിൽ പൗലൊസ് ഹാഗിയോയി ഉപയോഗിച്ചപ്പോൾ, ആരെയാണ് ഉദ്ദേശിച്ചിരിക്കുന്നത്?” പൗലൊസ് ലേഖനം എഴുതിയത് എഫെ സൊസിലെ “വിശുദ്ധന്മാർക്ക്” [*ഹാഗിയോയി*] ആണ് (1:1 നോക്കുക). ഈ വാക്കിന്റെ മറ്റു വകഭേദങ്ങൾ പതിനാല് പ്രാവശ്യം എഫെസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു: രണ്ട് പ്രാവശ്യം പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ചാണ് പ റഞ്ഞിരിക്കുന്നത് (1:13; 4:30); രണ്ട് പ്രാവശ്യം അത് സഭയെയാണ് സൂചിപ്പി ച്ചിരിക്കുന്നത് (2:21; 5:27); ഒരു പ്രാവശ്യം അത് അപ്പൊസ്തലന്മാരെയും പ്ര വാചകന്മാരെയും ഉദ്ദേശിച്ച് പറയുന്നു (3:5); ഒരു പ്രാവശ്യം, ക്രിസ്ത്യാനി കൾ ജീവിക്കേണ്ട ജീവിതം കാണിച്ച് പറയുന്നു (1:4); 2:19 അടക്കം എട്ടു പ്രാ വശ്യം, അത് തർജിമ ചെയ്തിരിക്കുന്നത് “വിശുദ്ധന്മാർ” എന്നാണ് (1:15, 18; 3:8, 18; 4:12; 5:3; 6:18). ഹാഗിയോസും *ഹാഗിയോയി*യുടേയും എഫെസ്യ ലേഖനത്തിലെ ഉപയോഗം യെഹൂദ ക്രിസ്ത്യാനികളെയോ അല്ലെങ്കിൽ ദൂത ന്മാരെയോ അല്ല പറയുന്നത്, പിന്നെയോ, യെഹൂദനായാലും ജാതിയായിരു ന്നാലും ക്രിസ്ത്യാനികളായ എല്ലാവരെയും ആണ് ഉദ്ദേശിക്കുന്നത്.

**ദൈവത്തിന്റെ ഭവനക്കാർ** എന്ന പ്രയോഗം ഊന്നി പറയുന്നത്, ക്രിസ്ത്യാനി ക്രിസ്തുവിന്റെ ശരീരത്തിലുള്ളവരാണ് എന്നത്രെ. ഗ്രീക്ക് നാമ മായ *ഓയികെയിയോസ്* മറ്റൊരു ഭാഗത്ത് പൗലൊസ് പറഞ്ഞിരിക്കുന്നതിന്റെ (ഗലാ. 6:10; 1 തിമൊ. 5:8) അർത്ഥം, “*ഒരു ഭവനത്തിൽ പെട്ട അല്ലെങ്കിൽ ... അടുത്ത ... ബന്ധു.*”[13] “സഹ പൗരന്മാർ” എന്നതിനേക്കാൾ ഏറ്റവും അടുപ്പം കാണിക്കുന്ന വാക്കാണ് ഇത്. ക്രിസ്ത്യാനികൾ ദൈവത്തിന്റെ ഭവനത്തിൽ പെട്ടവരാണ് എന്നും, ദൈവത്തോട് ബന്ധമു**ണ്ടെ**ന്നും, അത് അപ്പനും/മകനു ം തമ്മിലുള്ള ബന്ധത്തെയാണ് കാണിക്കുന്നത്.

**വാക്യം 20. അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തി**

**ന്മേൽ പണിതിരിക്കുന്നു** എന്ന പ്രയോഗം വ്യക്തമാക്കുന്നത്, സഭ ആത്മിക മന്ദിരമാണെന്നും, അത് പണിതിരിക്കുന്നത് അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേലാണ് എന്നുമത്രെ. ഈ ഭാവന അസാധാരണമെന്ന് തോന്നിയേക്കാം, കാരണം സഭ യേശുക്രിസ്തു ദൈവപുത്രനാണെന്ന സത്യം പത്രൊസ് ഏറ്റു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് "പണിതിരിക്കുന്നത്" എന്നു നമുക്ക് അറിയാം (മത്താ. 16:16–18 നോക്കുക). മറ്റൊരു ഭാഗത്ത് പൗലൊസ് പറഞ്ഞു, "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല" (1 കൊ. 3:11). അപ്പോൾ, പിന്നെ, "അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ" എങ്ങനെ സഭ പണിയും?

ഒന്നാമത്, "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്നു പറഞ്ഞിരിക്കുന്നത് ആരാണ്? തന്റെ ശിഷ്യന്മാരിൽനിന്നു ക്രിസ്തു തിരഞ്ഞെടുത്തവരായിരുന്നു പന്ത്രണ്ട് "അപ്പൊസ്തലന്മാർ." (*അപ്പൊസ്തോലോയി*). പിന്നീട് "തന്റെ സ്വന്ത സ്ഥലത്തേക്ക് പോകേണ്ടതിന്നു ഒഴിഞ്ഞുപോയ" യൂദാക്ക് പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തു (പ്രവൃ. 1:15–26). അവസാനം, "ദൈവേഷ്ടത്താൽ" പൗലൊസിനേയും തിരഞ്ഞെടുത്തു (എഫെ. 1:1) അവൻ "അകാലത്തിൽ" അവസാനത്തെ അപ്പൊസ്തലനായും തീർന്നു (1 കൊ. 15:8). സഭയെ ഉപദ്രവിച്ചതിനാൽ "താൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവൻ" എന്ന് തറപ്പിച്ചു പറഞ്ഞിരിക്കുന്നു (1 കൊ. 15:9), എന്നാൽ, മറുവശത്ത്, അവൻ അപ്പൊസ്തലന്മാരിൽ ഒട്ടും "കുറഞ്ഞവനല്ല" എന്നും പറഞ്ഞിരിക്കുന്നു (2 കൊ. 11:5; 12:11 നോക്കുക). മറ്റു അപ്പൊസ്തലന്മാരെ പോലെ അവനും ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിന് സാക്ഷിയായിരുന്നു (പ്രവൃ. 1:22), അപ്പൊസ്തലത്വത്തിന്റെ "അടയാളമായി" അത്ഭുതങ്ങളും ചെയ്തിരുന്നു (2 കൊ. 12:12).

"അപ്പൊസ്തലന്മാർ" എന്ന വാക്കിനർത്ഥം "അയക്കപ്പെട്ടവർ"[14] എന്നാണ്. പുതിയ നിയമത്തിൽ പന്തിരുവരെ കൂടാതെ, മത്ഥിയാസിനേയും, പൗലൊസിനേയും, യാക്കൊബിനേയും, കർത്താവിന്റെ സഹോദരനേയും, അപ്പൊസ്തലൻ എന്നു വിളിച്ചിരുന്നു; ബർന്നബാസിനേയും അപ്പൊസ്തലൻ എന്നു വിളിച്ചിരുന്നു; ദുരുപദേഷ്ടാക്കന്മാരെയും അപ്പൊസ്തലന്മാർ എന്നു വിളിച്ചിരുന്നു; ചിലർ അപ്പൊസ്തലന്മാർ അല്ലാതിരുന്നിട്ടും, തങ്ങൾ "അപ്പൊസ്തലന്മാർ" എന്ന് അവകാശപ്പെട്ടിരുന്നു; ക്രിസ്തുവിനേയും അപ്പൊസ്തലൻ എന്നു വിളിച്ചിരുന്നു.[15] അവരെല്ലാം അപ്പൊസ്തലന്മാരായിരുന്നു-എന്നാൽ പന്തിരുവരെ പോലെ ആയിരുന്നില്ല, മത്ഥിയാസും, പൗലൊസും ആയിരുന്നു, എന്നാൽ അർത്ഥം "അയക്കപ്പെട്ടവർ" എന്ന നിലയിൽ ആയിരുന്നു. പ്രത്യേക ദൗത്യത്തിനായി "അയക്കപ്പെട്ടവർ" ആയിരുന്നു അവർ.

"പ്രവാചകന്മാർ" ആരായിരുന്നു? ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിന്, പ്രവാചകന്മാരെ അപ്പൊസ്തലന്മാർക്ക് ശേഷമാണ് പറഞ്ഞിരിക്കുന്നത് എന്നത് നാം പരിഗണിക്കണം, സുവിശേഷം അവർക്ക് വെളിപ്പെടുത്തിയതായി പൗലൊസ് 3:5-ൽ പ്രവാചകന്മാരെ കുറിച്ചു പറഞ്ഞു, കൂടാതെ പ്രവചനം സഭയ്ക്കുള്ള ക്രിസ്തുവിന്റെ വരങ്ങളിൽ ഉൾപ്പെട്ടതാണെന്നും പറയുന്നു (4:11). അതുകൊണ്ട്, ഇവിടെ പറഞ്ഞിരിക്കുന്നവർ ക്രിസ്തീയ കാലഘട്ടത്തിലെ പ്രവാചകന്മാരായിരുന്നു, അല്ലാതെ പഴയനിയമ പ്രവാചകന്മാരായിരുന്നില്ല, കാരണം അവർ സുവി**ശേഷത്തെ ദർശനമായിട്ടു മാത്രമെ** കണ്ടിരുന്നുള്ളു. പുതിയ നിയമത്തിൽ, പ്രവാചകന്മാരും പ്രവചന വരവും സഭാജീവിതത്തിന്റെ

ഭാഗമായിരുന്നു (പ്രവൃ. 11:27; 13:1; റോമർ. 12:6; 1 കൊ. 12–14; 1 തെസ്സ. 5:20).

ഏതർത്ഥത്തിലാണ് അപ്പൊസ്തലന്മാരും പ്രവാചകന്മാരും സഭയുടെ "അടിസ്ഥാനം" ആകുന്നത്? 1 കൊരിന്ത്യർ 3:9–15-ൽ, ദൈവമന്ദിരത്തിന്റെ അടിസ്ഥാനം ക്രിസ്തു ആണെന്നും, താനും മറ്റുള്ളവരും ക്രിസ്തുവിനെ പ്രസംഗിക്കുന്ന ബുദ്ധിയുള്ള ഗൃഹനിർമ്മാതാക്കളായിട്ടാണ് പൗലൊസ് പറയുന്നത്. അടിസ്ഥാനത്തിന്മേൽ പണി നടക്കുന്നത്, ആളുകൾ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യുമ്പോഴാണ്. എങ്ങനെയായാലും, എഫെസ്യർ 2-ൽ പൗലൊസ് അപ്പൊസ്തലന്മാരെയും പ്രവാചകന്മാരെയും പ്രത്യേക രീതിയിലാണ് പറയുന്നത്-അടിസ്ഥാനത്തിന്മേൽ പണിയുന്നവരായിട്ടല്ല-അടിസ്ഥാനം തന്നെയായിട്ടാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന "അടിസ്ഥാനം" അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇട്ടതായ അടിസ്ഥാനമാണ്. അവർ എന്തു പ്രസംഗിച്ചുവോ അതാണ് അവർ സഭയ്ക്കുവേണ്ടി ഇട്ടതായ അടിസ്ഥാനം, ക്രിസ്തു. ഈ കാഴ്ച്ചപ്പാട് മത്തായി 16:16–18 ഉം 1 കൊരിന്ത്യർ 3:11 മായും യോജിക്കുന്നതാണ്, കാരണം അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനപരമായി പ്രസംഗിച്ചത്, ക്രൂശിക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ ദൈവപുത്രനായ ക്രിസ്തുവിനെയായിരുന്നു, ആ പാറയിന്മേലായിരുന്നു സഭ പണിതതും.

**വാക്യം 20. മൂലക്കല്ല്** എന്നതിന്റെ അർത്ഥത്തിൽ വ്യാഖ്യാതാക്കൾ യോജിക്കുന്നില്ല. അത് തർജിമ ചെയ്തിരിക്കുന്നത് *അക്രോഗോനിയായിയോസ്* എന്ന വാക്കാണ്, നിർവ്വചിച്ചിരിക്കുന്നത് "അറ്റത്തുള്ള മൂല, അടിസ്ഥാന മൂലക്കല്ല് (അത് താങ്ങി നിർത്തുന്നതുകൊണ്ട് പ്രധാനപ്പെട്ടതാണ്, ആദരിക്കപ്പെട്ട സ്ഥാനമാണ്)."[16] ആ വാക്ക് പറയുന്നത് മുകളിലുള്ള കല്ല് ആയിട്ടാണ് ചിലർ എടുക്കുന്നത്, "കെട്ടിടത്തിന്റെ ഗോപുരമുകളിൽ വരുന്ന കല്ല്."[17] തിരുവെഴുത്തിലെ വാക്യങ്ങളും അതിന്റെ സന്ദർഭപ്രയോഗങ്ങളും പരിശോധിച്ച് എവിടെയാണ് "മൂലക്കല്ലിന്റെ" സ്ഥാനമെന്ന് നിർണ്ണയിക്കാവുന്നതാണ്.

സങ്കീർത്തനക്കാരൻ പറഞ്ഞു, "വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു" (സങ്കീ. 118:22). യെശയ്യാവ് 28:16-ൽ ദൈവം പറഞ്ഞു, "ഇതാ ഞാൻ സിയോനിൽ, **ഉറപ്പുള്ള** അടിസ്ഥാനമായിട്ട് *ശോധന* ചെയ്ത കല്ലും, വിലയേറിയ കല്ലും ആയി ഒരു അടിസ്ഥാനക്കല്ല് *ഇട്ടിരിക്കുന്നു.*" (എംഫസിസ് ആഡഡ്). രണ്ട് വേദഭാഗങ്ങളും മശിഹയെ കുറിച്ച് പ്രതിപാദിക്കുന്നതാണ്, അങ്ങനെ തന്നെ പുതിയ നിയമത്തിൽ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു: യേശു ഉപയോഗിച്ചത് "മൂലക്കല്ലിന്റെ" പ്രാധാന്യത്തെ പറയുവാനായിരുന്നില്ല, മറിച്ച്, സ്വന്ത ജനം തന്നെ തള്ളിക്കളയുമെന്ന് കാണിക്കുവാനായിരുന്നു അത് ഉദ്ധരിച്ചത് (മത്താ. 21:42; മർ. 12:10, 11; ലൂക്കൊ. 20:17 നോക്കുക). പത്രൊസ് പ്രവൃത്തികൾ 4:11-ൽ ക്രിസ്തുവിനെ തള്ളിക്കളയുന്നതിനെ കുറിച്ച് പറയുമ്പോൾ സങ്കീർത്തനം ഉദ്ധരിച്ചിരിക്കുന്നു. റോമർ 9:33 ലും 10:11 ലും പൗലൊസ് ഭാഗികമായി പഴയനിയമം ഉദ്ധരിച്ച് ക്രിസ്തുവിനെ സ്വീകരിക്കുന്നതും നിഷേധിക്കുന്നതും വ്യക്തമാക്കിയിരിക്കുന്നു. പക്ഷെ അവൻ "മൂലക്കല്ല്" വിശദമാക്കിയില്ല.

"മുലക്കല്ല്" തിരിച്ചറിയുന്നതിനു സഹായകരമായേക്കാവുന്ന വേദഭാഗമാണ് യെശയ്യാവ് 28:16, അവിടെ പറയുന്നത് "ഉറപ്പുള്ള ഒരു അടിസ്ഥാനക്കല്ല് ഇട്ടിരിക്കുന്നു" എന്നാണ്. എൻഎഎസ്ബിയുടെ ചില അച്ചടിയിലെ മാർജിനിൽ അത്തരം കല്ല് "നന്നായി ഇട്ടിരിക്കുന്നു" എന്നാണ്. യെശയ്യാവിലെ വേദഭാഗമനുസരിച്ചും, മുൻപ് നൽകിയ നിർവ്വചനം അനുസരിച്ചും "മൂലക്കല്ല്" എന്നു

പറയുന്നത് "അറ്റത്തുള്ള കല്ല്" ആയി ഒരു ചുമരിന്റെ മൂലയിൽ വെക്കുന്ന കല്ലാണ്. "കെട്ടിടത്തിനു ദിശാ മാർഗം നൽകുന്നതും മറ്റു കല്ലുകളെ താങ്ങി നിർത്തുവാൻ സഹായിക്കുന്നതുമായ കല്ലാണ് അത്."[18] അങ്ങനെ ദൈവമന്ദിരത്തിന്റെ അടിസ്ഥാനം **ക്രിസ്തുവായി** തീരുന്നു. കെട്ടിടം മുഴുവൻ യുക്തമായി ചേർന്നു പണിയപ്പെടേണ്ടതിന്നു അപ്പൊസ്തലന്മാരും പ്രവാചകന്മാരും ക്രിസ്തുവിനെ പ്രസംഗിച്ച് പണിയുന്നു. സഭ പണിതിരിക്കുന്നത് ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേലാണ്, സഭ വിശ്വസിക്കുകയും, ഉപദേശിക്കുകയും പരിശീലിക്കുകയും ചെയ്യേണ്ടത് അവന്റെ ഉപദേശമാണ്. ക്രിസ്തുവും (അടിസ്ഥാനം), അവന്റെ വചനവും (അധികാരം) കൂടാതെ സഭയ്ക്ക് നിലനിൽക്കുവാനോ പ്രവർത്തിപ്പാനോ സാധ്യമല്ല.

**വാക്യങ്ങൾ 21, 22.** പൗലൊസ് തന്റെ കെട്ടിടത്തിന്റെ രൂപകാലങ്കാരം ചുരുക്കി നൽകിയിരിക്കുന്നു. **അവനിൽ** എന്നു പറഞ്ഞിരിക്കുന്നത് "ക്രിസ്തുയേശുവിനെ" ആണ്, **കെട്ടിടം മുഴുവനും** എന്നു പറഞ്ഞിരിക്കുന്നത് "അടിസ്ഥാനവും," "മൂലക്കല്ലും" അടങ്ങിയ "ദൈവത്തിന്റെ ഭവനം" ആണ്. "അവനിൽ" എന്നു വീണ്ടും പറഞ്ഞ്, സഭയുടെ പ്രവൃത്തിയും, സഭയുടെ വളർച്ചയും, സഭയുടെ ആത്മിക വർദ്ധനവും, സഭയുടെ നിലനിൽപ് തന്നെയും ക്രിസ്തുവുമായുള്ള ബന്ധത്തിലാണെന്ന് പൗലൊസ് വ്യക്തമാക്കുന്നു. ആ വസ്തുത ഊന്നി പറഞ്ഞ്, പ്രസ്താവനയുടെ ആരംഭത്തിലും അതേപോലെ തന്നെ അവസാനവും "കർത്താവിൽ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു.

**യുക്തമായി ചേർന്ന്** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *സുനർമൊലോജെയോ* ആണ്, അതു പുതിയനിയമത്തിൽ ഇവിടെ 4:16-ൽ മാത്രമാണ് കാണുന്നത്. രണ്ട് വേദഭാഗങ്ങളിലേയും ഭാവന ഊന്നി പറയുന്നത്, സഭയിലെ അംഗങ്ങളെല്ലാം ചേർന്നിരിക്കുന്നത് ഒരു കെട്ടിടത്തിൽ ഓരോ ഭാഗവും എങ്ങനെ ചേർന്നിരിക്കുന്നുവോ അതുപോലെയാണെന്ന് വരച്ചു കാണിച്ചിരിക്കുന്നു. 4:16-ൽ, പൗലൊസിന്റെ വിഷയമായ സഭ ശരീരമാണെന്ന് പറയുമ്പോൾ, ക്രിസ്തുവിന്റെ സേവനത്തിൽ ഓരോരുത്തരും പരസ്പരം ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. എല്ലാ അവയവവും ശരിയായി പ്രവർത്തിക്കുമ്പോഴാണ് സഭ വളരുന്നത്. അവിടെ ഉപയോഗിച്ച വ്യാകരണപ്രകാരം വർത്തമാനകാല പ്രവൃത്തികൾ തുടരുന്നതാണ്.[19] ആമുഖമായ *സൺ* സൂചിപ്പിക്കുന്നത് ആത്മികമായ ഐക്യതയെയാണ്.[20] സഭ ദൈവത്തിന്റെ മന്ദിരം ആണെന്നത് ഒരു വർത്തമാനകാല യാഥാർത്ഥ്യമാണ്, എന്നാൽ യുക്തമായി ചേർന്നിരിക്കുന്നു എന്നു പറയുന്നത് യെഹൂദന്മാരും ജാതികളും തമ്മിൽ ഉള്ള യോജിപ്പ് തുടർന്നുകൊണ്ടിരിക്കണം എന്നാണ് വ്യക്തമാക്കുന്നത്. "പണിതിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നതിനാൽ, എഫെസ്യർ സുവിശേഷം അനുസരിച്ച് രക്ഷിക്കപ്പെട്ട് സഭയോട് ചേർക്കപ്പെട്ടപ്പോൾ അവരെ ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ പണിതു എന്നാണ് (പ്രവൃ. 2:38-47 നോക്കുക).[21]

ആളുകളെ രക്ഷിച്ച് "ജീവനുള്ള കല്ലുകളായി" അവന്റെ ആത്മികമന്ദിരത്തോട് തുടർച്ചയായി ചേർത്തുകൊണ്ടിരിക്കുന്നേടത്തോളം സഭ നിലനിൽക്കും (1 പത്രൊ. 2:5 നോക്കുക). അത്തരത്തിലാണ് അത് ക്രിസ്തുവിൽ വിശുദ്ധ മന്ദിരമായി വളരുന്നത്. "ജീവനുള്ള കല്ലുകളെ" ചേർക്കുമ്പോൾ സഭ വളരുക മാത്രമല്ല; അതിലെ അംഗങ്ങൾ-ആത്മികമായി വർദ്ധിക്കുന്നവരായിരിക്കും-ആ "ജീവനുള്ള കല്ലുകൾ" വിശുദ്ധി അനുഭവിച്ചുകൊണ്ടിരിക്കും. അങ്ങനെ രണ്ടു രീതിയിലുള്ള വളർച്ചയാൽ സഭ "വിശുദ്ധ മന്ദിരമായി"

തീരുന്നു.

വളരുന്ന മന്ദിരത്തിലാണ് ദൈവം **ആത്മാവിൽ** വസിക്കുന്നത്. വാക്യം 22 ന്റെ ദൈവശ്വാസിയമായ വ്യാഖ്യാനം പൗലൊസ് 1 കൊരിന്ത്യർ 3:16-ൽ ഇങ്ങനെ പറഞ്ഞു വിശദമാക്കുന്നു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" അവൻ തുടർന്നു പറയുന്നു, "ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലൊ, നിങ്ങളും അങ്ങനെ തന്നെ" (1 കൊ. 3:17). സഭ ദൈവത്തിന്റെ കെട്ടിടമാണ്, ദൈവത്തിന്റെ ആലയമാണ്, ദൈവം വസിക്കുന്ന സ്ഥാനവുമാണ്. വിശുദ്ധ ജീവിതത്തിനുള്ള എന്തൊരു ഉത്തേജനം!

എഫെസ്യ ലേഖനത്തിന്റെ ഈ ഭാഗത്ത്, യെഹൂദന്മാരെയും ജാതികളെയും ക്രിസ്തുവിൽ ഒന്നാക്കുന്നു എന്നാണ് പൗലൊസ് വ്യക്തമാക്കിയത്. അവർ അന്യോന്യവും ദൈവത്തോടും നിരപ്പ് പ്രാപിച്ചു. അവർ ദൈവരാജ്യത്തിലെ പൗരന്മാരായി, വിശുദ്ധരായി, ദൈവ ഭവനത്തിലെ അംഗങ്ങളായി, ജീവനുള്ള കല്ലുകളായി, ദൈവമന്ദിരമായി വളരുന്നു-അവിടെയാണ് അവൻ വസിക്കുന്നത്.

## പ്രായോഗികത

### ഒന്ന് അധികം ഒന്ന് സമം ... ഒന്ന്! (2:11-22)

ഈ ലോകത്തിൽ നിലനിൽക്കുന്ന ഏക നിത്യസമാധാന നിയമം-തുടർച്ചയായി നിലനിൽക്കുന്നതും-ദൈവം നൽകിയതും, തന്റെ പുത്രന്റെ രക്തത്താൽ മുദ്രയിട്ടതുമാകുന്നു. യേശു തരുന്ന സമാധാനത്തിന്റെ പ്രാധാന്യമറിഞ്ഞ് അനുമോദിക്കുവാൻ, ക്രിസ്തുവിന്റെ കാലത്തിനും സഭ ആരംഭിച്ചതിനും മുൻപുണ്ടായിരുന്ന അനൈക്യത്തെ നാം ഓർക്കണം. അവന്റെ ശരീരമായ സഭ വിശ്വാസികളുടെ വലിയ ഒരു സംഘമാകുവാൻ മനുഷ്യനും മനുഷ്യനും തമ്മിലുള്ള വിടവ് അവസാനിപ്പിച്ചതായി, എഫെസ്യർ 2 ന്റെ അവസാന ഖണ്ഡികയിൽ പൗലൊസ് കാണിച്ചു തരുന്നു.

*അന്യർ* (2:11, 12). സമുദായങ്ങളെ തമ്മിൽ വേർതിരിക്കൽ രേഖപ്പെടുത്തുന്ന രീതി എല്ലാ സംസ്ക്കാരങ്ങളിലും കാണാം. പൗലൊസിന്റെ കാലത്ത് ലോകത്തിലെ ആളുകൾ രണ്ടായി വിഭജിച്ചിരുന്നു: യെഹൂദന്മാരും ജാതികളും. ആ രണ്ടു ആചാരങ്ങളും തമ്മിലുള്ള ശത്രുത അധികം വിവരിക്കേണ്ട ആവശ്യമില്ലായിരുന്നു.

ഒരു യെഹൂദനും ജാതിയും തമ്മിലുള്ള വ്യത്യാസം എന്താണ്? യെഹൂദന് തന്റെ വംശാവലി അബ്രഹാം, യിസഹാക്ക്, യാക്കൊബ് എന്നിവരിലേക്ക് എത്തിക്കുവാൻ കഴിയും. അങ്ങനെ ചെയ്യുവാൻ കഴിയാത്തവരെല്ലാം ജാതികളാണ്. തന്റെ കാലത്ത്, യെഹൂദനും ജാതിയും തമ്മിൽ ആറു വ്യത്യാസങ്ങളുണ്ടായിരുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു. ജാതികൾ ...

(1) പരിച്ഛേദന ഇല്ലാത്തവർ (2:11). ജാതികൾ പരിച്ഛേദന ഏറ്റിരുന്നില്ല. അവർ മുഖാന്തരം ദൈവം ലോകത്തെ അനുഗ്രഹിക്കുവാനിരിക്കുന്നു എന്നതിന്റെ അടയാളമായി യെഹൂദന്മാർക്ക് മാത്രമായി നൽകിയതായിരുന്നു പരിച്ഛേദന. എങ്ങനെയായാലും, യെഹൂദന്മാർ അതിനെ ഒരു പ്രകൃത അഹംഭാവമായി എടുത്തു. ഒന്നാം നൂറ്റാണ്ടിൽ, ആ അവജ്ഞ പാരമ്യത്തിലെത്തിയിരുന്നു.

(2) ക്രിസ്തുവിനെ കൂടാതെയുള്ളവർ (2:12). യെഹൂദന്മാർക്ക്, ചരിത്ര

ത്തിൽ ഒരു ഉദ്ദേശമുണ്ടായിരുന്നു. ദൈവം തന്റെ ഇഷ്ടം യിസ്രായേൽ ദേശം മുഖാന്തരമാണ് നടപ്പാക്കിയത്. ഒരിക്കൽ ദൈവം തന്റെ മശിഹയായ ക്രിസ്തുവിനെ അയച്ച് ജാതികളുടെ ഉപദ്രവങ്ങളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും തങ്ങളെ വിടുവിക്കുമെന്ന് അവർ പ്രത്യാശിച്ചിരുന്നു. തുടർച്ചയായുള്ള നിഷേധവും ഉപദ്രവവും നേരിട്ട സാഹചര്യത്തിലും യെഹൂദന്മാരെ മുൻപോട്ട് നയിക്കുവാൻ പ്രേരിപ്പിച്ചത് വരുവാനുള്ള ക്രിസ്തുവിലുള്ള പ്രത്യാശ ആയിരുന്നു.

എങ്ങനെയായാലും, ജാതികൾക്ക് അത്തരം സ്വപ്നമൊന്നുമില്ലായിരുന്നു. അവർക്ക് ചരിത്രം എങ്ങുമെത്താതെ പൊയ്ക്കൊണ്ടിരുന്നു. ചരിത്രം കാലചക്രം പോലെ കറങ്ങിക്കൊണ്ടിരുന്നു എന്നാണ് ഗ്രീക്ക് തത്വചിന്തകന്മാർ പറഞ്ഞത്. മൂവായിരം വർഷം, ചരിത്രം അതിന്റെ ഗതി തുടർന്നുകൊണ്ടിരുന്നു; പിന്നെ ഒരു വലിയ തീ പുറപ്പെട്ട് റോമാ ലോകത്തിന്റെ ജ്വാലയെ ദഹിപ്പിച്ചുകളഞ്ഞു.[22] ചരിത്രം അതിന്റെ ആവർത്തന നടപടി നിഷ്പ്രഭമാക്കി എന്നാണ് ചിലർ അതിനെ വിശേഷിപ്പിച്ചത്, കാരണം ഒരേ രീതിയിലുള്ള ആളുകൾ, ഒരേ രീതിയിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെട്ടിരുന്നു. ഫലമോ, ജീവിതം അവർക്ക് അർത്ഥശൂന്യമായി തീർന്നു. ആ വ്യർത്ഥതയിൽനിന്ന് അവരെ മോചിപ്പിക്കുവാൻ ആരെങ്കിലും വരുമെന്ന ഒരു പ്രതീക്ഷയുമില്ലായിരുന്നു.

(3) പൗരത്വമില്ലാതെ (2:12). യിസ്രായേൽ ദേശത്തെ ദൈവം തന്റെ സ്വന്തജനം എന്നാണ് പറഞ്ഞത്. അവൻ അവരെ വിളിച്ചതുകൊണ്ട് അവർക്ക് ദൈവരാജ്യത്തിൽ ദൈവിക പൗരത്വം ഉണ്ടായിരുന്നു. ജാതികളെ ദൈവം അങ്ങനെ വിളിച്ചിരുന്നില്ല. ദൈവരാജ്യത്തിലെ പൗരത്വ ബോധമോ, പൗരത്വത്തിനുള്ള അവസര വാഗ്ദാനമോ അവർക്ക് ഇല്ലായിരുന്നു.

ഒന്നാം നൂറ്റാണ്ടിൽ, യെഹൂദ മതാനുസാരികളായി തീർന്ന ജാതികളെ യെഹൂദന്മാർ സ്വീകരിച്ചിരുന്നു; എങ്ങനെയായാലും, അങ്ങനെ പരിവർത്തനം ചെയ്തവരെ, യെഹൂദന്മാർ രണ്ടാം-കിട പൗരന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്. അവർ എല്ലായ്പോഴും "നിങ്ങളുടെ പിതാവായ അബ്രഹാം" എന്നാണ് പറയേണ്ടിയിരുന്നത്. അവർക്ക് ദൈവരാജ്യത്തിൽ സ്വാഭാവികമായ അവകാശം ഇല്ല എന്ന് അവരെ തുടർച്ചയായി ബോധ്യപ്പെടുത്തിക്കൊണ്ടിരുന്നു.

(4) നിയമങ്ങൾ കൂടാതെ (2:12). അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കോബിനോടും-പിന്നീട് മോശെയോടും-തന്റെ ജനവുമായി ബന്ധം പുലർത്തുവാൻ നിയമങ്ങൾ ചെയ്തിരുന്നു. ജാതികളുമായി അവൻ ഒരിക്കലും ഒരു ഉടമ്പടി ചെയ്തിരുന്നില്ല. നിറവേറ്റുവാനായി യാതൊരു വാഗ്ദാനങ്ങളും അവർക്ക് നൽകിയിരുന്നില്ല. താൻ തിരഞ്ഞെടുത്ത ദേശമായിരുന്ന യിസ്രായേലിനായിരുന്നു എല്ലാ നിയമങ്ങളും വാഗ്ദാനങ്ങളും ദൈവം പഴയനിയമകാലത്ത് നൽകിയിരുന്നത്. ജാതികൾക്ക് അങ്ങനെ അവകാശപ്പെടുവാൻ ഒന്നുമില്ലായിരുന്നു.

(5) പ്രത്യാശയില്ലായിരുന്നു (2:12). പുരാതന ലോകത്തെ മഥിച്ചിരുന്നത് പ്രത്യാശയില്ലായ്മയായിരുന്നു. തത്വജ്ഞാനങ്ങളെല്ലാം ശൂന്യമായിരുന്നു; സമ്പ്രദായങ്ങളെല്ലാം തൃപ്തിപ്പെടുത്താത്തവയായിരുന്നു; ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം നേരിട്ടുകൊണ്ടിരുന്നവർക്ക് അവരുടെ മതങ്ങളൊന്നും സഹായിക്കുവാൻ ശക്തിയില്ലാതെയിരുന്നു. ജാതികൾക്ക് ദൈവത്തിൽ നിന്നു സന്ദേശമോ, അവരുടെ നിരാശയിൽനിന്നു ക്രിസ്തു അവരെ വിടുവിക്കുമെന്നോ, അല്ലെങ്കിൽ രക്ഷയുടെ പ്രത്യാശയോ ഇല്ലായിരുന്നു. ഭാവിയെ സംബ

ഡിച്ച് അവർക്ക് യാതൊരു ആത്മവിശ്വാസവുമില്ലായിരുന്നു സമൃദ്ധമായ ജീവൻ ലഭിക്കുമെന്ന യാതൊരു പ്രോൽസാഹനവുമില്ലാതെയായിരുന്നോ?

(6) സൃഷ്ടികർത്താവ് ഇല്ലായിരുന്നു (2:12). അവർക്ക്, ധാരാളം വിഗ്രഹങ്ങളുണ്ടായിരുന്നു-എന്നാൽ ദൈവം ഇല്ലായിരുന്നു. ജാതികളുടെ സൃഷ്ടികർത്താവിനെ കുറിച്ച് അവർ അജ്ഞരായിരുന്നു. അത് ആരായിരുന്നു എന്നും അവൻ എന്താണ് അവരിൽനിന്നു പ്രതീക്ഷിക്കുന്നതെന്നോ അവർ അറിഞ്ഞിരുന്നില്ല. അവർക്ക് ചെയ്യുവാൻ കഴിഞ്ഞത്, ഒരു വേദിക്കല്ല് ഉണ്ടാക്കി "അജ്ഞാത ദേവന്നു" എന്നു എഴുതുവാൻ മാത്രമെ കഴിഞ്ഞുള്ളു.

ആ ആറു മുഖ്യമായ വ്യത്യാസങ്ങളാണ് യെഹൂദന്മാരെയും നിരപ്പിലെത്തിക്കാതിരുന്ന ജാതികളുടെ രണ്ട് ആചാരങ്ങൾ കാണിക്കുന്നത്.

ആത്മിയമായി വേർപെട്ട് അന്യരായിരിക്കുക എന്നത് ലോകത്തിൽ ഇന്നുമുള്ള സാധാരണ അനുഭവമാണ്. അത് മനുഷ്യഹൃദയങ്ങളെ കീഴടക്കിയിരിക്കുന്ന പാപത്തിന്റെ ഉപ-ഉൽപന്നമാണ്.

*പ്രായശ്ചിത്തം* (2:13-17). എവിടെ മനുഷ്യൻ പരാജയപ്പെടുന്നുവോ, അവിടെ ദൈവം ജയിക്കുന്നു. മനുഷ്യർക്കിടയിലെ അന്യത്വം ഇല്ലാതാക്കുവാൻ ദൈവസന്നിധിയിൽ പരിഹാരം ഉണ്ട്: "മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു" (2:13). മനുഷ്യന്റെ അന്യത്വത്തിന് പരിഹാരം ക്രിസ്തുവാണ്-ദൈവത്തിൽനിന്നു മാത്രമല്ല, മറ്റു മനുഷ്യരിൽനിന്നുള്ള അകൽച്ചക്ക് അവൻ മാത്രമാണ് പരിഹാരം. അവരെ തമ്മിൽ അകറ്റി നിർത്തിയ വ്യത്യാസങ്ങൾ ഇല്ലാതാക്കി അവർ തമ്മിലുള്ള ബന്ധം "ഒന്നാക്കി."

യേശുവാണ് നമ്മുടെ സമാധാനം (2:14). യേശു സമാധാനം കൊണ്ടുവന്നു എന്നല്ല പൗലൊസ് പറഞ്ഞത്, പിന്നെയോ യേശുവാകുന്നു നമ്മുടെ സമാധാനം എന്നാണ്. എന്താണ് അതിന്റെ അർത്ഥം?

അനേക വർഷത്തെ പോരാട്ടത്തിനുശേഷം ഒരു ഭാര്യയും ഭർത്താവും വേർപിരിയുവാൻ കൊടതിയിൽ പോകുന്നു എന്നു വിചാരിക്കുക. ഒരു വക്കീൽ അതിനു വേണ്ടി ഭർത്താവ് ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നും ഭാര്യ ചെയ്യേണ്ടത് എന്തെല്ലാമെന്നും, ഭർത്താവിനുള്ള ആനുകൂല്യമെന്തെന്നും ഭാര്യക്കുള്ള ആനുകൂല്യമെന്തെന്നും വെവ്വേറെ രേഖ തയ്യാറാക്കിക്കൊടുത്തു. ആ രേഖ നിയമപരമായ ഉടമ്പടിയായിരുന്നു, എന്നാൽ ആ സ്ത്രീക്കും പുരുഷനും ആ പേപ്പറിൽ എഴുതിയതിനോട് ഒരിക്കലും യോജിക്കുവാൻ കഴിഞ്ഞില്ല.

അതിൽ നിന്നും വ്യത്യസ്തമായി അവരുടെ പത്തു-വയസ്സു-പ്രായമുള്ള മകൻ-അവർ രണ്ടുപേരും വളരെ സ്നേഹിക്കുന്ന കുട്ടി-അടുത്തുവന്നു അവരുടെ കൈകൾ തമ്മിൽ യോജിപ്പിക്കുന്നു. പിന്നെ, അവൻ, "ദയവായി നിങ്ങൾ വേർപിരിയരുത്. നിങ്ങൾ ഒരുമിച്ചു ജീവിക്കുക. എനിക്കു നിങ്ങൾ രണ്ടുപേരും വേണം. നിങ്ങൾ അന്യോന്യം സ്നേഹിക്കുവാനാണ് ഞാൻ താൽപര്യപ്പെടുന്നത്. നിങ്ങളെ സഹായിക്കുവാൻ ഞാൻ എന്തുവേണമെങ്കിലും ചെയ്യാം." എന്ന് പറയുന്നു എന്ന് വിചാരിക്കുക. ഒരു ഉടമ്പടി രേഖക്ക് അപ്പനേയും അമ്മയേയും മാറ്റുവാൻ കഴിയുകയില്ലെങ്കിലും മകന് അത് തീർച്ചയായും കഴിയും. നിയമത്തിന് ആളുകളുടെ ഹൃദയത്തെ മാറ്റുവാൻ കഴിയുകയില്ല.

മനുഷ്യരുടെ വൈഷമ്യങ്ങൾക്കുള്ള ഉത്തരം യേശുവാണെന്ന് പൗലോസ് പറഞ്ഞു. നമുക്ക് യേശുവിനോട് ഉള്ള സ്നേഹം പ്രകടിപ്പിക്കുമ്പോൾ

അവൻ നമ്മിൽ വസിക്കുന്നു, നമ്മുടെ സ്വാഭാവികമായ പ്രതികരണമാണ് അന്യോന്യം സ്നേഹിക്കൽ. നാം അന്യോന്യം സ്നേഹിക്കുന്നതിനുള്ള ഉറവിടമാണ് കർത്താവ്.

യേശു സമാധാനം ഉണ്ടാക്കുന്നു (2:15). മനുഷ്യർ ഭിന്നിച്ച് വേറിട്ടു കഴിയുമ്പോൾ യേശു എങ്ങനെയാണ് സമാധാനം ഉണ്ടാക്കുന്നത്? ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ടാണ് അവൻ അതു സാദ്ധ്യമാക്കുന്നത്. അവൻ തന്നിൽതന്നെ ഒരു പുതിയ മനുഷ്യനായി സൃഷ്ടിക്കുന്നു. "യെഹൂദ ക്രിസ്ത്യാനി" എന്നോ "ജാതിക്രിസ്ത്യാനിയെന്നോ?" പുതിയ നിയമത്തിൽ ഇല്ല. ക്രിസ്തുവിൽ ഒരു തരത്തിലുള്ള വ്യക്തി മാത്രമാണുള്ളത്-ഒരു ക്രിസ്ത്യാനി!

"ക്രിസ്തുവിൽ" (അല്ലെങ്കിൽ "അവനിൽ") നമ്മുടെ സ്ഥാനത്തെക്കുറിച്ച്, എഫെസ്യ ലേഖനത്തിൽ പൗലൊസ് ചുരുങ്ങിയത് പത്തു പ്രാവശ്യം പറഞ്ഞു കഴിഞ്ഞു. ഒരു യെഹൂദൻ രക്ഷിക്കപ്പെട്ടാൽ, അവൻ ക്രിസ്തുവിലാകുന്നു. ഒരു ജാതി രക്ഷിക്കപ്പെട്ടാൽ അവൻ ക്രിസ്തുവിലാകുന്നു. ക്രിസ്തുവിന് ഏക ശരീരം മാത്രമാണുള്ളത്. അതാണ് ശരീരത്തിന്റെ മർമ്മം. അനേക വർഗ്ഗങ്ങളിൽ നിന്നും അനേക ആചാരങ്ങളിൽ നിന്നും അനേക ദേശങ്ങളിൽ നിന്നും വരുന്നവർ ഏക ശരീരമാകുന്നു-അതായത് യേശുക്രിസ്തുവിന്റെ ശരീരം.

അവൻ നമ്മിൽ ജീവിക്കുമ്പോൾ യേശു നമ്മുടെ സമാധാനമാണ്. നാമെല്ലാവരും അവനിൽ ഒന്നാണെന്ന് തിരിച്ചറിയുമ്പോൾ യേശു സമാധാനം ഉണ്ടാക്കുന്നു.

യേശു സമാധാനം പ്രസംഗിക്കുന്നു (2:17). യേശുവിന് ഈ ഭൂമിയിൽ വന്നു ആളുകളുടെ പാപങ്ങൾക്ക് ന്യായവിധി പ്രസംഗിക്കാമായിരുന്നു-എന്നാൽ അവൻ അങ്ങനെ ചെയ്തില്ല. സമാധാന സന്ദേശവുമായി, സമാധാന പ്രഭുവായിട്ടാണ് വന്നത്. നിങ്ങൾ ക്രിസ്തുവിലാണെങ്കിൽ, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ നിരപ്പിന്റെ സന്ദേശവാഹകനാകുവാനാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്.-വീട്ടിൽ നിങ്ങളുടെ പങ്കാളിയോടും നിങ്ങളുടെ മക്കളോടും, ജോലിസ്ഥലത്തു നിങ്ങളുടെ സഹ പ്രവർത്തകരോടും, റോഡിനപ്പുറത്ത് നിങ്ങളുടെ അയൽക്കാരോടും രാജ്യത്തിനപ്പുറത്തുള്ള നിങ്ങളുടെ ബന്ധുക്കളോടും അറിയിക്കണം.

ശത്രുത എന്ന നടുച്ചവർ നാം ഇടിച്ചുകളയണം. നാം സമാധാന പ്രഭുവിൽ ആകയാൽ, നാം അവന്റെ സമാധാന ദൗത്യം മറ്റുള്ളവരിൽ എത്തിക്കയും കഴിയുമെങ്കിൽ എല്ലാവരോടും സമാധാനം ആചരിക്കുകയും വേണം.

*സ്വീകാര്യം* (2:18-22). പാപം നിമിത്തമാണ് ആളുകൾക്കിടയിൽ അകൽച്ചയുണ്ടാകുന്നത്. തന്റെ ശരീരത്തിൽ നിരപ്പിക്കുവാൻ യേശു പ്രായശ്ചിത്തമായി തീർന്നു ആളുകൾക്ക് ക്രിസ്തുവിലുള്ള നല്ല സ്വീകാര്യമാണ് പൗലൊസ് ആകർഷണീയമായി പറയുന്ന അവസാന സത്യം.

"വേർപെടുത്തുന്ന ശത്രുതയെ" പൗലൊസ് പറയുമ്പോൾ (2:14; എൻഐവി), അവന്റെ മനസിൽ ഒരുപക്ഷെ യെരുശലേം ദൈവാലയത്തിലുണ്ടായിരുന്ന വേർതിരിയലായിരിക്കാം, അവിടെ ജാതികൾക്കു പ്രവേശിക്കാവുന്ന പ്രാകാരവും യെഹൂദന്മാർക്ക് പ്രവേശിക്കാവുന്ന ആന്തരിക പ്രാകാരവും വേർതിരിച്ചിരുന്നു. 1871-ൽ വേർപെടുത്തുന്ന നടുച്ചവരിനെക്കുറിച്ച് ഒരു ഗ്രീക്ക് മേലെഴുത്ത് ഭൂഗർഭ ഗവേഷകർ കണ്ടെടുത്തത് പറയുന്നു "വിദേശികൾക്ക് ദൈവാലയത്തിനുള്ളിൽ പ്രവേശനമില്ല. ആരെങ്കിലും അതിക്രമിച്ചു കടന്നാൽ

അവന്റെ മരണത്തിന് അവൻ തന്നെയായിരിക്കും ഉത്തരവാദി.”

വർഗ്ഗങ്ങൾ തമ്മിൽ ദീർഘ-കാലമായി നിലനിന്നിരുന്ന ശത്രുതയുടെ അടയാളമായിരുന്നു ആ നടുച്ചുവർ. ആത്മീകമായി പറഞ്ഞാൽ, യേശു മരിച്ചപ്പോൾ ആ നടുച്ചുവർ ഇടിച്ചുകളഞ്ഞു. ഇപ്പോൾ പ്രപഞ്ചത്തിന്റെ ദൈവത്തിന്റെ അടുക്കൽ എല്ലാവർക്കും തുല്യമായി പ്രവേശിക്കാം: “അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനമുണ്ട്” (2:18).

പൗലൊസ് പിന്നേയും തന്റെ പോയിൻറ് മൂന്ന് ഉപമകളാൽ ചിത്രീകരിച്ചു. ദേശം ഒന്നുമാത്രം (2:19), ഒരു വിശുദ്ധ ദേശം, എല്ലാ അംഗങ്ങൾക്കും സ്വർഗ്ഗത്തിൽ പൗരത്വം ഉണ്ട്. ഒരേ ഒരു ഭവനം മാത്രം (2:19); ദൈവത്തിന്റെ ഭവനത്തിൽ എന്തെല്ലാം വ്യത്യാസമുണ്ടെങ്കിലും, നാം സഹോദരീ സഹോദരന്മാരാണ്. ഒരേ ഒരു മന്ദിരമാണുള്ളത് (2:21); അത് മനുഷ്യ നിർമ്മിതമല്ല, എന്നാൽ ഈ ആത്മീയ മന്ദിരത്തിൽ പശ്ചാത്തലം എന്തുതന്നെയായാലും, നാം ജീവനുള്ള കല്ലുകളായി ചേർന്നു സേവിക്കുന്നു.

ദൈവം തന്റെ പുത്രൻ മുഖാന്തരം എല്ലാവരേയും യോജിപ്പിക്കുന്നു. നാം അന്യോന്യം ആത്മാവിന്റെ ഐക്യതയിലാകുവാനാണ് നമ്മെ വിളിച്ചത്. നമ്മുടെ സമാധാനമായ യേശു മനുഷ്യർക്കിടയിൽ സമാധാനം കൈവരിക്കുവാൻ പ്രവർത്തിക്കുന്നു. കർത്താവിന്റെ സഭയിൽ ശത്രുതയുടെ നടുച്ചുവർ കൊണ്ട് വിഭജനമുണ്ടാക്കുന്നവർക്കു അയ്യോ കഷ്ടം! മനുഷ്യർക്കിടയിലുള്ള നടുച്ചുവർ ഇടിച്ചുകളയുന്ന പ്രവൃത്തിയാണ് ദൈവം ചെയ്യുന്നത്. വാക്കുകൾ കൊണ്ടോ പ്രവൃത്തികൾ കൊണ്ടോ സഭയിൽ ആ യോജിപ്പ് നഷ്ടപ്പെടുത്തുന്നവർ ദൈവത്തിനെതിരായി പോരാടുന്നവരാണ്.

*ഉപസംഹാരം.* നമുക്ക് സമാധാന പ്രഭുവിനോട് ചേർന്ന് സമാധാന സന്ദേശവാഹകരാകാം. സാമ്പത്തിക നിലവാരമോ, വർഗ വ്യത്യാസമോ, വ്യക്തിത്വമോ നോക്കാതെ ലോകത്തിൽ ജീവിച്ച് സഭയിൽ എല്ലാവർക്കും പുതിയ മനുഷ്യനായി തീരാം.

ക്രിസ് ബുള്ളാർഡ്

**ക്രൂശിന്മേൽ-ക്രിസ്തുവിൽ ഉള്ള നിരപ്പ് (2:13-22)**

വാക്യം 4 ലെ “എന്നാൽ ദൈവം” എന്നതിനോട് യോജിക്കുന്നതാണ് വാക്യം 13 ലെ “എന്നാൽ ദൈവമോ” എന്നത്. ക്രൂശിലെ രക്തമാണ് ക്രിസ്തുവിനെ “നമ്മുടെ സമാധാനം” ആക്കിയത്. *മനുഷ്യർക്കും മനുഷ്യർക്കുമിടയിൽ സമാധാനം* ഉണ്ടാക്കുവാൻ അവന്റെ ത്യാഗപൂർണ്ണമായ മരണത്തിനു കഴിഞ്ഞു, തൽഫലമായി അന്യോന്യം അകന്നിരുന്ന ആളുകൾക്ക് സഭ എന്ന “ഒരു പുതു മനുഷ്യനായി” നിരപ്പ് പ്രാപിക്കുവാൻ കഴിഞ്ഞു. ക്രിസ്ത്യാനികളെ “ഏകശരീരത്തിൽ” ദൈവത്തോട് നിരപ്പിച്ച് *മനുഷ്യർക്ക് ദൈവത്തോടും സമാധാനം* ഉണ്ടാക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞു. ദൈവം വസിക്കുന്ന “ഒരു വിശുദ്ധ മന്ദിരം,” “ദൈവത്തിന്റെ ഭവനത്തിലെ,” മക്കൾ, ദൈവരാജ്യത്തിലെ “സഹപൗരന്മാർ” എന്നിവരാകേണ്ടതിന് സുവിശേഷം അനുസരിക്കുമ്പോഴാണ് മനുഷ്യർക്ക് ദൈവത്തോട് നിരപ്പ് ലഭിക്കുന്നത്.

ജേയ് ലോക്ഹാർട്ട്

കുറിപ്പുകൾ

[1]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: സാമേവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 358. [2]എസ്. ഡി. എഫ്. സാൽമണ്ട്, "*ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്,*" *ഇൻ ദ എക്സ്പൊസിറ്റേഴ്സ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:294. [3]കെന്നെത്ത് എസ്. വൂവെസ്റ്റ്, *വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ്, കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 75. [4]ആൽഫ്രഡ് എഡെർഷെയിം. *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസയാ,* ന്യു അപ്ഡേറ്റഡ് എഡി. (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1993), 169-70. [5]ജോസെഫസ് *ആന്റികിറ്റിസ്* 15.11.5. [6]ബല്ലിഞ്ചർ, 19 [7]ആൽബർട്ട് ബാർണസ്, *നോട്ട്സ് ഓൺ ദ ന്യുടെസ്റ്റമെന്റ്: എഫെഷ്യൻസ്, ഫിലിപ്പിയൻസ് ആന്റ് കൊലൊഷ്യൻസ്*, എഡി. റോബർട്ട് ഫ്ര്യു (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1965), 47. [8]വൂവെസ്റ്റ്, 76. [9]സി. ജി. വിൽക്കെ ആന്റ് വിൽബാൽഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കകൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസെഫ് ഹെൻറി തേയർ (എഡിൻബറോ: ടി & ടി ക്ലാർക്ക്, 1901. റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 544; നോക്കുക വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി., ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 876. [10]ആർസി. എച്ച്. ലെൻസ്കി. *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ. പോൾസ് എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ് ആന്റ് ടു ദ ഫിലിപ്പിയൻസ്* (കൊളംബസ്, ഒഹിയോ: വാർട്ട്ബർഗ് പ്രസ്, 1946, റീപ്രിന്റ്, മിന്നെപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1961), 447.

[11]ആൻഡ്രു ടി. ലിങ്കൺ, *എഫെഷ്യൻസ്, വേർഡ് ബിബ്ളിക്കൽ കമെന്ററി*, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 149. [12]വൂവെസ്റ്റ്, 79. [13]തേയർ, 439. [14]ബല്ലിഞ്ചർ, 58. [15]ഗലാ. 1:19; പ്രവൃ. 14:14; 2 കൊ. 11:13; വെളി. 2:2; എബ്രാ. 3:1. [16]ബല്ലിഞ്ചർ, 188. [17]ലിങ്കൺ, 155. [18]ലെൻസ്കി, 454. [19]ലിങ്കൺ, 157. [20]ലെൻസ്കി, 459.

[21]ലിങ്കൺ, 152. [22]ഏ. ഡി. 64 ജൂലയ് 19 നാണ് റോമിൽ വലിയ തീ പൊട്ടി പുറപ്പെട്ടത്, അത് ദിവസങ്ങളോളം ദഹിപ്പിച്ചുകൊണ്ടിരുന്നു. ആ തീ പതിനാല് റോമൻ ജില്ലകളിൽ മൂന്നെണ്ണം ക്രമേണ നശിപ്പിക്കുകയും, ഏഴ് ജില്ലകളിൽ വലിയ നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു, നാല് ജില്ലകളെ മാത്രമാണ് അത് ബാധിക്കാതിരുന്നത്. വ്യക്തികളുടെ മാളികകളും, വാടകമുറികളും, ക്ഷേത്രങ്ങളും, യാഗപീഠങ്ങളും റോമാക്കാർ കീഴ്പ്പെടുത്തി നേടിയ പുനസ്ഥാപിക്കുവാൻ കഴിയാത്ത നിക്ഷേപങ്ങളും അഗ്നിക്കിരയായി. (ടാസിറ്റസ് *അനൽസ്* 15.40-41.)